ഉത്തരം

(എ ആന്റ് ബി) 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തിയ പത്തനംതിട്ട, വയനാട് ജില്ലാ ആശുപത്രികളിൽ മേ സെക്രട്ടറി, നഴ്സിംഗ് സൂപ്രണ്ട് ഉൾപ്പെടെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ അനുവദിക്കുന്നതിനുള്ള നിർദ്ദേശം ആയുർവേദ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ചിട്ടില്ല. നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ആയുർവേദ മസാജ് കേന്ദ്രങ്ങൾക്ക് നിയന്ത്രണം

169 [1749] ശ്രീ. തോമസ് ചാഴികാടൻ:

" റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ മസാജ് കേന്ദ്രങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) ഇതിനായി പ്രത്യേകം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(സി) മസാജ് കേന്ദ്രങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാണോ; അല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) മസാജ് കേന്ദ്രങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് അംഗീകൃത യോഗ്യത മാനദണ്ഡമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇതിനായി നിയമനിർമ്മാണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനുള്ള കരട് തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) ഉണ്ട്.

(സി) ഇപ്പോൾ രജിസ്ട്രേഷൻ നിർബന്ധമല്ല. അത് പരിഗണനയിലാണ്.

(ഡി) സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ ആയുർവേദ കേന്ദ്രങ്ങളെ അംഗീകരിക്കാനും ക്ലാസിഫിക്കേഷൻ നൽകാനും ടൂറിസം വകുപ്പിൽ പദ്ധതി നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly